**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 29** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന്റെ കടബാധ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 5.07 ലക്ഷം കോടി രൂപയായി ഉയർന്ന സാഹചര്യം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ State Finances – A Study of Budgets എന്ന റിപ്പോർട്ട് പ്രകാരം 2025-26 ലെ സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത 5.07 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ 10 വർഷം കൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. അതിനുള്ള കാരണങ്ങൾ നിരവധിയാണ്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ധന ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ചിരുന്ന ധന ലക്ഷ്യങ്ങൾ പാലിക്കുന്നതിലും കൈവരിക്കുന്നതിലും വന്ന വീഴ്ച.

2. വരുമാനം ബജറ്റ് ലക്ഷ്യം കൈവരിക്കാൻ സാധിക്കാഞ്ഞതും വരുമാന ചോർച്ച തടയുന്നതിലും നികുതി അടിത്തറ വിപുലീകരിക്കുന്നതിലും ക്രിയാത്മകമായ ഇടപെടലുകളുടെ അഭാവവും ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിലുണ്ടായ കാലവിളംബവും സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തി.

3. ബജറ്റിനു പുറത്തു നിന്നും SPV കൾ രൂപീകരിച്ച് ഉയർന്ന പലിശ നിരക്കിൽ വായ്പകൾ സമാഹരിച്ചതും ടി വായ്പകൾ ബജറ്റ് വിഭവങ്ങളിലൂടെ പരിപാലിക്കേണ്ടിവന്നതും ചെലവുകൾ ഉയർത്തുന്ന സാഹചര്യം സൃഷ്ടിച്ചു.

4. പൊതുമേഖലാ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥത നിമിത്തം ബജറ്റിൽ നിന്നും സഹായം നൽകേണ്ടിവന്നതും അതിൽ നിന്നും റിട്ടേൺ ഒന്നും ലഭിക്കാത്ത സാഹചര്യവും.

5. റവന്യൂ കമ്മി നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതു മൂലം കടമെടുക്കുന്ന തുക മൂലധന/വികസന ചെലവുകൾക്ക് വിനിയോഗിക്കുവാൻ സാധിക്കാതെ വരികയും തത്ഫലമായി കടം തിരിച്ചടവിന് വീണ്ടും കടമെടുക്കേണ്ട അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുകയും ചെയ്തു.

**(ബി)** കഴിഞ്ഞ പത്തുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടം ഏകദേശം അഞ്ചിരട്ടിയായി വർധിച്ച എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ജി.എസ്.ഡി.പി.യുടെ 35.5% ആയി കടബാധ്യത വർദ്ധിച്ചതിനെ മറികടക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും അർഹമായ കേന്ദ്ര വിഹിതങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി തന്നെ നേടിയെടുത്തുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും വരുമാന സുസ്ഥിരത നേടിയെടുക്കേണ്ടതുണ്ട്. നികുതി/നികുതിയേതര വരുമാനങ്ങൾ ബജറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുകയും, നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുകയും, ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ച് വരവുമായി പൊരുത്തപ്പെടുകയും ചെയ്യേണ്ടതുണ്ട്. വരുമാന ചോർച്ച പരിഹരിക്കേണ്ടതും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തേണ്ടതും അനിവാര്യമാണ്. ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ മുൻഗണനയായിരിക്കും. ജനക്ഷേമ പദ്ധതികൾ തുടരുന്നതിനോടൊപ്പം തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചിട്ടുള്ള സാമ്പത്തിക വളർച്ചയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**